പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത: 490 — 09.02.2016 ൽ മറുപടിക്ക്

# റെയിൽവേ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>,, റോഷി അഗസ്റ്റിൻ<br>ഡോ.എൻ. ജയരാജ് : | | ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ റെയിൽവേ വികസന കാര്യത്തിൽ ക്രിയാത്മകമായ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ള തെന്ന് വ്യക്തമാക്കുമോ; | (എ) | മുഖ്യമായും പാതയിരട്ടിപ്പിക്കലും, വൈദ്യുതീ കരണവും, ഗേജ് മാറ്റവും, അങ്കമാലി - ശബരി റയിൽപാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, നിലമ്പൂർ നഞ്ചൻഗുഡ് റെയിൽ പാത, സബർബൻ റെയിൽ സർവ്വീസ്, ആട്ടോമെറ്റിക്ക് സിഗ്നൽ സംവിധാനം ഏർപ്പെടുത്തൽ എന്നീ പദ്ധതികളാണ് മുഖ്യമായും വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. |
| (ബി) | റെയിൽവേയുടെ വികസനം മുൻനിർത്തി സംസ്ഥാനത്ത് ഏതെങ്കിലും ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. സബർബൻ റയിൽവേ നടപ്പിലാക്കുന്ന തിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് ആദ്യഘട്ടത്തിൽ തിരുവനന്തപുരം റയിൽവേ ഡിവിഷന് കീഴിലുള്ള തിരുവനന്തപുരം മുതൽ ചെങ്ങന്നൂർ/ ഹരിപ്പാട് വരെ ഓട്ടോമാമിക് സിഗ്നലിംഗ് സിസ്റ്റം ഏർപ്പെടുത്തി ക്കൊണ്ടും MEMU/ EMU റേക്കുകൾ ഉപയോഗിച്ചും സബർബൻ ട്രെയിൻ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് 01.01.2013 - ൽ കേരള സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പദ്ധതിയുടെ സാധ്യതാ പഠനം മുംബൈ റയിൽ വികാസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പൊതു മേഖലാ കമ്പനിയെ ഏല്പിക്കുകയും അവർ ടി പദ്ധതി യുടെ സാധ്യതാ പഠനം നടത്തിയ ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന്റെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി എന്തെങ്കിലും ധാരണാപത്രം ഒപ്പു വെച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കുമോ? | | സംസ്ഥാനത്ത് റെയിൽവേ വികസന പ്രവൃത്തികൾ നടപ്പാക്കാൻ ഒഡീഷാ സംസ്ഥാന സർക്കാരും റെയിൽവേയുമായി ചേർന്നുള്ള സംയുക്ത സംരംഭ മാതൃകയിൽ കേരള സംസ്ഥാനവും റെയിൽവേയുമായി ചേർന്ന് സംയുക്ത സംരംഭം രൂപീകരിച്ച് റെയിൽവേ വികസന പ്രവർത്തികൾ നടത്താമെന്ന കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശം പരിശോധിക്കുകയും സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് സംസ്ഥാനം തിരഞ്ഞെടുക്കുന്ന പദ്ധതികൾക്കായി മാത്രം റെയിൽവേയും കേരള സർക്കാരും 49:51 അനുപാതത്തിൽ ഓഹരി പങ്കാളിത്തത്തിൽ JV രൂപീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ഇതു സംബന്ധിച്ച് റെയിൽവേയുമായി ഒരു ധാരണാ പത്രം 27.01.2016 ൽ ഒപ്പു വയ്ക്കുകയുമുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ